**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാം - 2020-'21 പ്രവേശന ബാച്ചിന്റെ അക്കാദമിക് കലണ്ടർ വിജ്ഞാപനം - അതിഥി അദ്ധ്യാപകരുടെ ശമ്പളം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1113/AC A 1/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.02.2024

---

*പരാമർശം:*-1. 16.06.2023 തീയതിയിലെ അക്കാദമിക് കലണ്ടർ വിജ്ഞാപനം നം. 57545/AC A1-3/2023/AC A1

2. 24.11.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.ഒ.എ.03/23.08

3. 16.01.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം.63/24.01/157757/ACA1-3/2023

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തുന്ന പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാം, 2020-'21 പ്രവേശന ബാച്ചിന്റെ അക്കാദമിക കലണ്ടർ വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

24.11.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) മിനിറ്റ്സ് പ്രകാരം പ്രസ്തുത അക്കാദമിക കലണ്ടർ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുമ്പോൾ നിലവിലുള്ള വിജ്ഞാപനം പ്രകാരം ക്രമീകരിച്ചിട്ടുള്ള അക്കാദമിക സമയക്രമത്തിൽ വ്യതിയാനം വരുമെന്നത് പരിഗണിച്ച്, 16.01.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പരാമർശം (2) മിനിറ്റ്സ് പ്രകാരമുള്ള തീരുമാനം പുനഃപരിശോധിക്കുകയും ചുവടെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

*"അക്കാദമിക് കലണ്ടർ വിജ്ഞാപനം നം.57545/ACA1-3/2023/ACA1 തീയതി, 16.06.2023 പുറപ്പെടുവിച്ചതിനുശേഷം കോളേജിൽനിന്ന് അതിഥി അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയാണെങ്കിൽ അവ പ്രത്യേകമായി പരിഗണിച്ച്, ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ - ന് വ്യക്തത വരുത്തിക്കൊണ്ട് അതിഥി അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്* തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #2 of File 157757/AC A1-3/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Feb-2024 02:47 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ
2. വി.സി/ പി.വി.സി എന്നിവരുടെ പി എസ്
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
4. എ സി സി 1/ എ സി സി 2
5. ഓഡിറ്റ് 5/ആക്ഷൺ ടേക്കൺ റിപ്പോർട്ട്/പി.ആർ.ഒ
6. യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ഐ.ക്യു .എ. സി
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 157757/AC A1-3/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Feb-2024 02:47 PM - Page 2